15.65 ശതമാനം അഥവാ 156.47 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് ലഭിക്കുന്നത്.

(സി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലിമുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽനിന്നും മാടക്കത്തറവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

ഇടമൺ-കൊച്ചി 400 കെ.വി.റൂട്ടിലേയ്ക്കായി മാത്രം 19-8-2014-ലെ (എംഎസ്.) 27/14/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും പങ്കെടുപ്പിച്ച കൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി മോഷണം

29 (369) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 1-7-2011 മുതൽ 31-10-2014 വരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചു ; എത്ര യൂണിറ്റ് പിഴ ഈടാക്കി ; വിശദാംശം നൽകുമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ പാലക്കാട് ജില്ലയിൽ എത്ര

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്തു. ആരുടെയൊക്കെ പേർക്കാണ് കേസ് എടുത്തത് വിശദാംശം നൽകാമോ ?

ഉത്തരം

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെ സെക്ഷൻ സ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ്, റീജിയണൽ ഓഡിറ്റ് ഓഫീസിൽനിന്നും മറ്റുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഈ സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തി പിഴ ഈടാക്കിവരുന്നു. വൈദ്യുതിചോർച്ച തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും വൈദ്യുതി മീറ്ററിന്റെ കവർ തുറന്ന് വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) 1-7-2011 മുതൽ 31-10-2014 വരെ 6201 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവരിൽനിന്നും 15.20 കോടി രൂപ പിഴയായി

LIBRARY ARCHIVES Kerala Legislative Assembly

ഈടാക്കിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു :

1-7-2011 മുതൽ 31-10-2014 വരെ കണ്ടുപിടിച്ച വൈദ്യുതി മോഷണ കേസ്സുകൾ :-

ദക്ഷിണ മേഖല	1149 എണ്ണം
മദ്ധ്യ മേഖല	1337 "
ഉത്തര മേഖല	3715 "
ആകെ	6201 മോഷണ കേസ്സുകൾ

1-7-2011 മുതൽ 31-10-2014 വരെ പിഴയായി ഈടാക്കിയ തുക :-

ദക്ഷിണ മേഖല	5.03 കോടി രൂപ
മദ്ധ്യ മേഖല	4.96 "
ഉത്തര മേഖല	5.20 "
ആകെ	15.19 "

(സി) 1-7-2011 മുതൽ 31-10-2014 വരെ പാലക്കാട് ജില്ലയിൽ 3 വൈദ്യുതി മോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഇലകുിക്കൽ സെക്ഷൻ ഷൊർണ്ണൂരിന്റെകീഴിൽവരുന്ന കൺസ്യൂമർ നമ്പർ 1056-ൽ നിന്നും 1,42,810 രൂപയുടെ വൈദ്യുതി മോഷണം കണെത്തുകയും അതുയും തുക ഈടാക്കുകയും ചെയ്തു. പ്രസ്തുത വൈദ്യുതി മോഷണത്തിന് ശ്രീമതി അന്നിതയുടെ, (വൈഷ്ണവം റസിഡൻസി, ഷൊർണ്ണൂർ) പേരിൽ ഷൊർണ്ണൂർ പോലീസ് സ്റ്റേഷനിൽ FIR No. 225/13.3.2013 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. കോട്ടത്തറ ഇലകുിക്കൽ സെക്ഷന്റെകീഴിൽവരുന്ന കൺസ്യൂമർ നമ്പർ 4577-ൽനിന്നും 3,93,687-രൂപയുടെ വൈദ്യുതി മോഷണം കണെത്തുകയും, പ്രസ്തുത വൈദ്യുതി മോഷണത്തിനെതിരെ ശ്രീ. സെൽവരാജിനെതിരെ (നായിക്കർപ്പാടി,

LIBRARY ARCHIVES Kerala Legislative Assembly

കോട്ടത്തറ) അഗളി പോലീസ് സ്റ്റേഷനിൽ FIR No. 0540/ 1-11-2014 ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപഭോക്താവ് പിഴ തുക ഒടുക്കിയിട്ടില്ല.

3 കരുണ ഹോസ്പിറ്റലിന്റെ (കൺസ്യൂമർ നമ്പർ 1570 ഇലക്ട്രിക്കൽ സെക്ഷൻ മേലാമുറി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം

30 (370) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനും വൈദ്യുതി നിരക്ക് വർഷംതോറും വർദ്ധിപ്പിക്കാനും സന്നദ്ധമാണെന്ന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള നീക്കംമൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DIS COMS)) വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ഒരു സാമ്പത്തിക പുനഃസംഘടന പദ്ധതി (Financial Restructuring Scheme)-ക്ക് രൂപം നൽകുകയുണ്ടായി. വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നുവയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly